കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# തുല്യവേതനം ആക്റ്റ്, 1976

(1976–ലെ 25–ാം നമ്പർ ആക്റ്റ്)

വില

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1981

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# തുല്യ വേതനം ആക്ററ്, 1976

(1976-ലെ 25-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1981

3/1450/V.

# തുല്യവേതനം ആക്ററ്, 1976

(1976–ലെ 25)

പുരുഷത്തൊഴിലാളികൾക്കും സ്ത്രീത്തൊഴിലാളികൾക്കും തുല്യവേതനം കൊടുക്കുന്നതിനും നിയോജനത്തിന്റെ വിഷയത്തിൽ ലിംഗം കാരണമാക്കി സ്ത്രീകൾക്ക് എതിരായുള്ള വിവേചനം തടയുന്നതിനും, അവയോട് ബന്ധപ്പെട്ടതോ അവയ്ക്ക് ആനുഷംഗികമായതോ ആയ വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യാനുള്ള ആക്ററ്.

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തേഴാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.

## അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ററിന് തുല്യവേതനം ആക്ററ്, 1976 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത്, കേന്ദ്രഗവൺമെന്റ് ഈ ആക്ററ് പാസ്സാക്കിയതു മുതൽ മൂന്നുവർഷത്തിൽ കവിയാത്തതും ഔദ്യോഗികഗസററിലെ വിജ്ഞാപനം വഴി, നിശ്ചയിക്കുന്നതുമായ തീയതി പ്രാബല്യത്തിൽ വരുന്നതും, വ്യത്യസ്ത സ്ഥാപനങ്ങൾക്കോ നിയോജനങ്ങൾക്കോ വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ആകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "സമുചിത ഗവൺമെൻറി" ന്,—

(i) കേന്ദ്രഗവൺമെന്റോ, റയിൽവേ ഭരണമോ, കേന്ദ്രഗവൺമെന്റിന്റേയോ റയിൽവേ ഭരണത്തിന്റെയോ പ്രാധികാരത്തിൻകീഴിലോ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും നിയോജനം സംബന്ധിച്ചോ, അല്ലെങ്കിൽ ബാങ്കിംഗ് കമ്പനിയോ ഖനിയോ എണ്ണപ്പാടമോ വൻകിടത്തുറമുഖമോ ഒരു കേന്ദ്രആക്ററിനാലോ കേന്ദ്രആക്ററിൻകീഴിലോ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഏകാംഗയോഗമോ സംബന്ധിച്ചോ കേന്ദ്രഗവൺമെന്റ് എന്നും,

(ii) മറേറതെങ്കിലും നിയോജനം സംബന്ധിച്ച് സ്റേററ്റ് ഗവൺമെന്റ് എന്നും,

അർത്ഥമാകുന്നു;

(ഖ) ഒരു സ്ഥാപനമോ നിയോജനമോ സംബന്ധിച്ച് "ഈ ആക്ററിന്റെ പ്രാരംഭം" എന്നാൽ, ആ സ്ഥാപനമോ നിയോജനമോ സംബന്ധിച്ച്, ഈ ആക്ററ് പ്രാബല്യത്തിൽ വരുന്ന തീയതി, എന്നർത്ഥമാകുന്നു;

(ഗ) "നിയോജക" ന്, ഗ്രാററിററി കൊടുക്കൽ ആക്ററ്, 1972-ലെ 2-ാം വകുപ്പ് (ച) ഖണ്ഡത്തിൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്;

(ഘ) "പുരുഷ" നും, "സ്ത്രീ"യ്ക്കും യഥാക്രമം ഏതു പ്രായത്തിലുമുള്ള മനുഷ്യരായ ആണും പെണ്ണും എന്നർത്ഥമാകുന്നു ;

(ങ) "വിജ്ഞാപന"ത്തിന്, ഔദ്യോഗികഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(ച) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു ;

(ഛ) "വേതന"ത്തിന്, നിയോജനകാൺട്രാക്ററിൻെറ പ്രകടമോ വ്യംഗ്യമോ ആയ നിബന്ധനകൾ നിറവേററപ്പെടുന്നുവെങ്കിൽ നിയോജിക്കപ്പെട്ട ഒരാൾക്ക് നിയോജനം സംബന്ധിച്ചോ, നിയോജനത്തിൽ ചെയ്യുന്ന പ്രവൃത്തിസംബന്ധിച്ചോ പണമായോ സാധനമായോ കൊടുക്കേണ്ട അടിസ്ഥാനകൂലിയും അല്ലെങ്കിൽ അടിസ്ഥാനശമ്പളവും ഏതെങ്കിലും കൂടുതൽ ഉപലബ്ധികളും, അവ, എന്തുതന്നെയായാലും, എന്നർത്ഥമാകുന്നു;

(ജ) "ഒരേ പ്രവൃത്തി അല്ലെങ്കിൽ സദൃശപ്രകൃതത്തിലുള്ള പ്രവൃത്തി" എന്നാൽ, ഏതു പ്രവൃത്തിസംബന്ധിച്ചാണോ,വേണ്ടതായ വൈദഗ്ദ്ധ്യവും അദ്ധ്വാനവും ഉത്തരവാദിത്വവും സദൃശമായ പ്രവൃത്തിവ്യവസ്ഥകൾക്ക് കീഴിൽ പുരുഷൻ ചെയ്യുമ്പോഴോ, സ്ത്രീ ചെയ്യുമ്പോഴോ, ഒന്നുതന്നെയായിരിക്കുകയും, പുരുഷനിൽനിന്നും വേണ്ടതും സ്ത്രീയിൽനിന്നു വേണ്ടതുമായ വൈദഗ്ദ്ധ്യവും അദ്ധ്വാനവും ഉത്തരവാദിത്വവും തമ്മിൽ വ്യത്യാസങ്ങൾ വല്ലതുമുണ്ടെങ്കിൽ, അവ നിയോജനത്തിൻെറ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച് പ്രായോഗിക പ്രാധാന്യം ഇല്ലാത്തവയായിരിക്കുകയും ചെയ്യുന്നത്, അങ്ങനെയുള്ള പ്രവൃത്തി എന്നർത്ഥമാകുന്നു;

(ഝ) "തൊഴിലാളി"ക്ക് ഏതു സ്ഥാപനമോ നിയോജനമോ സംബന്ധിച്ചാണോ ഈ ആക്ററ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും സ്ഥാപനത്തിലോ നിയോജനത്തിലോ ഉള്ള തൊഴിലാളി എന്നർത്ഥമാകുന്നു ;

(ഞ) ഈ ആക്ററിൽ ഉപയോഗിച്ചിട്ടുള്ളതും, നിർവ്വചിച്ചിട്ടില്ലാത്തതും, എന്നാൽ വ്യാവസായികത്തർക്കങ്ങൾ ആക്ററ്, 1947-ൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദങ്ങൾക്കും, യഥാക്രമം ആ ആക്ററിൽ നല്കിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. ആക്ററിന് അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന്.—ഈ ആക്ററിൻെറ വ്യവസ്ഥകൾക്ക്, അവയോട് അസംഗതമായി മറേറതെങ്കിലും നിയമത്തിലോ, അല്ലെങ്കിൽ ഏതെങ്കിലും അവാർഡിൻേറയോ കരാറിൻേറയോ സേവനകാൺട്രാക്ററിൻേറയോ നിബന്ധനകളിലോ, അവ ഈ ആക്ററിൻെറ മുൻപോ പിൻപോ ഉണ്ടാക്കിയവയായാലും, അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ പ്രഭാവം ഉള്ള ഏതെങ്കിലും പ്രമാണത്തിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

### പുരുഷത്തൊഴിലാളികൾക്കും സ്ത്രീത്തൊഴിലാളികൾക്കും തുല്യനിരക്കിൽ വേതനം കൊടുക്കലും മററു വിഷയങ്ങളും

4. ഒരേ പ്രവൃത്തിക്ക്, അല്ലെങ്കിൽ സദൃശപ്രകൃതത്തിലുള്ള പ്രവൃത്തിക്ക് പുരുഷത്തൊഴിലാളികൾക്കും സ്ത്രീത്തൊഴിലാളികൾക്കും തുല്യവേതനം കൊടുക്കണമെന്നുള്ള നിയോജകൻെറ കർത്തവ്യം.— (1) യാതൊരു നിയോജകനും,

ഒരു സ്ഥാപനത്തിലോ നിയോജനത്തിലോ, താൻ നിയോജിക്കുന്ന ഏതെങ്കിലും തൊഴിലാളിക്ക്, ഒരേ പ്രവൃത്തിയോ, സദൃശപ്രകൃതത്തിലുള്ള പ്രവൃത്തിയോ ചെയ്യുന്നതിന് അങ്ങനെയുള്ള സ്ഥാപനത്തിലേയോ നിയോജനത്തിലേയോ എതിർലിംഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് താൻ കൊടുക്കുന്ന വേതനത്തിന്റെ നിരക്കിലും ആനുകൂല്യം കുറഞ്ഞനിരക്കിൽവേതനം, അതു പണമായി കൊടുക്കേണ്ടതോ സാധനമായി കൊടുക്കേണ്ടതോ ആയാലും, കൊടുക്കാൻ പാടുള്ളതല്ല.

(2) യാതൊരു നിയോജകനും, (1)-ാം ഉപവകുപ്പിന്റെ വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി ഏതെങ്കിലും തൊഴിലാളിയുടെ വേതനത്തിന്റെ നിരക്ക് കുറയ്ക്കുവാൻ പാടുള്ളതല്ല.

(3) ഒരു സ്ഥാപനത്തിലോ, നിയോജനത്തിലോ, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് സ്ത്രീത്തൊഴിലാളികൾക്കും പുരുഷത്തൊഴിലാളികൾക്കും ഒരേ പ്രവൃത്തിക്കോ സദൃശപ്രകൃതത്തിലുള്ള പ്രവൃത്തിക്കോ കൊടുക്കേണ്ട വേതനത്തിന്റെ നിരക്കുകൾ ലിംഗം മാത്രം കാരണമാക്കി വ്യത്യസ്തപ്പെട്ടതായിരിക്കുന്നിടത്ത്, അതതുസംഗതിപോലെ, ആ നിരക്കുകളിൽ, (രണ്ടു നിരക്കുകൾ മാത്രമുള്ള സംഗതികളിൽ) കൂടിയത്, അല്ലെങ്കിൽ (രണ്ടു നിരക്കുകളിൽ കൂടുതൽ ഉള്ള സംഗതികളിൽ) ഏറ്റവും കൂടിയത് ആയിരിക്കും, അങ്ങനെയുള്ള പുരുഷത്തൊഴിലാളികൾക്കും, സ്ത്രീത്തൊഴിലാളികൾക്കും അങ്ങനെയുള്ള പ്രാരംഭത്തിലും പ്രാരംഭം മുതല്ക്കും കൊടുക്കേണ്ട വേതനത്തിന്റെ നിരക്ക് :

എന്നാൽ, ഈ ഉപവകുപ്പിലെ യാതൊന്നും, ഒരു തൊഴിലാളിക്ക്, ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് അയാൾ ചെയ്ത സേവനം സംബന്ധിച്ച് അയാൾക്ക് കൊടുക്കേണ്ട വേതനനിരക്കിന്റെ പുതുക്കലിന് അവകാശം നല്കുന്നതായി കരുതപ്പെടുന്നതല്ല.

5. <u>പുരുഷത്തൊഴിലാളികളേയും സ്ത്രീത്തൊഴിലാളികളേയും ജോലിക്ക് ചേർക്കുമ്പോൾ വിവേചനം കാണിക്കാൻ പാടില്ലെന്ന്.</u>—ഈ ആക്റ്റിന്റെ പ്രാരംഭത്തിലും പ്രാരംഭംമുതല്ക്കും യാതൊരു നിയോജകനും ഒരേ പ്രവൃത്തിക്കോ സദൃശപ്രകൃതത്തിലുള്ള പ്രവൃത്തിക്കോ ആളെ ചേർക്കുമ്പോൾ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമമോ നിയമത്തിൻകീഴിലോ, അങ്ങനെയുള്ള പ്രവൃത്തിയിൽ സ്ത്രീകളുടെ നിയോജനം നിരോധിക്കുകയോ, പരിമിതിപ്പെടുത്തുകയോ ചെയ്യുന്നിടത്തൊഴികെ, സ്ത്രീകൾക്കെതിരായി യാതൊരു വിവേചനവും കാണിക്കുവാൻ പാടുള്ളതല്ല:

എന്നാൽ, ഈ വകുപ്പിലെ വ്യവസ്ഥകൾ, ഒരു സ്ഥാപനത്തിലെയോ നിയോജനത്തിലെയോ തസ്തികകളിലേക്ക് ആളെ ചേർക്കുന്ന വിഷയത്തിൽ പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ വിമുക്തഭടൻമാർക്കോ റീട്രെഞ്ച് ചെയ്യപ്പെട്ട ജോലിക്കാർക്കോ, അല്ലെങ്കിൽ മറേറതെങ്കിലും തരം ആളുകൾക്കോ ആളുകളുടെ വിഭാഗത്തിനോ ഉള്ള ഏതെങ്കിലും മുൻഗണനയേയോ സംവരണത്തെയോ ബാധിക്കുന്നതല്ല.

6. <u>ഉപദേശക കമ്മിററി.</u>—(1) സ്ത്രീകൾക്ക്, വർദ്ധമാനമായ തൊഴിൽ അവസരങ്ങൾ നല്കുന്നതിനുവേണ്ടി, സമുചിത ഗവൺമെൻറ്, അതിനെ കേന്ദ്രഗവൺമെൻറ് ഇതിലേക്ക് വിജ്ഞാപനംവഴി വിനിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിലോ, നിയോജനങ്ങളിലോ സ്ത്രീകളെ നിയോജിക്കാവുന്നതിന്റെ വ്യാപ്തിയെക്കുറിച്ച് ഉപദേശിക്കുന്നതിനുവേണ്ടി, ഒന്നോ അതിലധികമോ ഉപദേശകകമ്മിററികൾ ഏർപ്പെടുത്തേണ്ടതാകുന്നു.

(2) ഏതൊരു ഉപദേശക കമ്മിററിയും, സമുചിത ഗവൺമെൻറിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്നവരും, പകുതി സ്ത്രീകൾ ആയിരിക്കുന്നവരുമായ പത്തിൽ കുറയാത്ത ആളുകൾ അടങ്ങിയതായിരിക്കേണ്ടതാകുന്നു.

(3) ഉപദേശകക്കമ്മിററി, അതിൻെറ ഉപദേശം നല്കുന്നതിൽ, അതതു സംഗതിപോലെ, ബന്ധപ്പെട്ട സ്ഥാപനത്തിലോ, നിയോജനത്തിലോ നിയോജിക്കപ്പെടുന്ന സ്ത്രീകളുടെ എണ്ണം, പ്രവൃത്തിയുടെ പ്രകൃതം, പ്രവൃത്തി മണിക്കൂറുകൾ, നിയോജനത്തിനുള്ള സ്ത്രീകളുടെ അനുയോജ്യത, എന്നിവയും ഭാഗികനിയോജനം ഉൾപ്പെടെ, സ്ത്രീകൾക്ക് വർദ്ധമാനമായ തൊഴിൽ അവസരങ്ങൾ നല്കുന്നതിനുള്ള അവശ്യകതയും, കമ്മിററിക്ക് യുക്തമെന്നു തോന്നുന്ന മററു പ്രസക്ത ഘടകങ്ങളും പരിഗണിക്കേണ്ടതാകുന്നു.

(4) ഉപദേശകക്കമ്മിററി അതിൻെറ സ്വന്തം നടപടിക്രമം ക്രമപ്പെടുത്തേണ്ടതാകുന്നു.

(5) സമുചിത ഗവൺമെൻറിന്, അതിന് ഉപദേശകക്കമ്മിററി നല്കുന്ന ഉപദേശം പരിഗണിച്ചതിനുശേഷവും സ്ഥാപനത്തിലേയോ നിയോജനത്തിലേയോ ബന്ധപ്പെട്ട ആളുകൾക്ക്, നിവേദനങ്ങൾ നല്കാൻ അവസരം കൊടുത്തതിനുശേഷവും, സ്ത്രീ തൊഴിലാളികളുടെ നിയോജനം സംബന്ധിച്ച്, സമുചിതഗവൺമെൻറിന് യുക്തമെന്നു തോന്നുന്ന നിദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

7. **അവകാശവാദങ്ങളും പരാതികളും കേൾക്കുകയും തീരുമാനിക്കുകയും ചെയ്യാൻ അധികാരസ്ഥാനങ്ങളെ നിയമിക്കാനുള്ള സമുചിത ഗവൺമെൻറിൻെറ അധികാരം.**—(1) സമുചിത ഗവൺമെൻറിന്,—

(ക) ഈ ആക്ററിൻെറ ഏതെങ്കിലും വ്യവസ്ഥയുടെ ഉല്ലംഘനം സംബന്ധിച്ച പരാതികളും;

(ഖ) ഒരേ പ്രവൃത്തിക്കോ സദൃശപ്രകൃതത്തിലുള്ള പ്രവൃത്തിക്കോ പുരുഷത്തൊഴിലാളികൾക്കും സ്ത്രീത്തൊഴിലാളികൾക്കും തുല്യനിരക്കുകളിൽ വേതനം കൊടുക്കാതിരിക്കുന്നതിൽനിന്ന് ഉദ്ഭവിക്കുന്ന അവകാശവാദങ്ങളും ;

കേൾക്കുകയും തീരുമാനിക്കുകയും ചെയ്യുന്നതിനുവേണ്ടി യുക്തമെന്നു തോന്നുന്നതും, ഒരു തൊഴിൽ ആഫീസറുടെ പദവിക്കു താഴെയല്ലാത്തതുമായ ഉദ്യോഗസ്ഥൻമാരെ അധികാരസ്ഥാനങ്ങളായി വിജ്ഞാപനംവഴി നിയമിക്കാവുന്നതും, അതേ വിജ്ഞാപനം വഴിയോ, പിന്നീടുള്ള വിജ്ഞാപനംവഴിയോ, അങ്ങനെയുള്ള ഓരോ അധികാരസ്ഥാനവും അതിൻെറ അധികാരിത പ്രയോഗിക്കേണ്ട തദ്ദേശാതിർത്തികൾ നിർവ്വചിക്കാവുന്നതും ആണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതൊരു പരാതിയും അല്ലെങ്കിൽ അവകാശവാദവും, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ കൊടുക്കേണ്ടതാകുന്നു.

(3) രണ്ടോ അതിലധികമോ പ്രവൃത്തികൾ, ഒരേ പ്രകൃതത്തിലുള്ളതോ സദൃശപ്രകൃതത്തിലുള്ളതോ ആണോ എന്നതിനെക്കുറിച്ച് ഏതെങ്കിലും പ്രശ്നം ഉത്ഭവിക്കുന്നുവെങ്കിൽ അത് (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന അധികാരസ്ഥാനത്താൽ തീരുമാനിക്കപ്പെടുന്നതാകുന്നു.

(4) ഒരു പരാതിയോ, അവകാശവാദമോ (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട അധികാരസ്ഥാനത്തിന് കൊടുക്കുന്നിടത്ത്, അപേക്ഷകനും നിയോജകനും പറയാനുള്ളത് പറയാൻ അവസരം നല്കിയതിനുശേഷവും, ആവശ്യകമാണെന്ന് കരുതുന്ന അന്വേഷണത്തിനും ശേഷവും, അതിനു,—

(i) ഒരേ പ്രവൃത്തിക്കോ, സദൃശപ്രകൃതത്തിലുള്ള പ്രവൃത്തിക്കോ പുരുഷത്തൊഴിലാളികൾക്കും സ്ത്രീത്തൊഴിലാളികൾക്കും തുല്യനിരക്കുകളിൽ വേതനം കൊടുക്കാതിരിക്കുന്നതിൽനിന്ന് ഉത്ഭവിക്കുന്ന അവകാശവാദത്തിന്റെ സംഗതിയിൽ, തൊഴിലാളിക്ക്, അയാൾക്ക് കൊടുക്കേണ്ട കൂലി, യഥാർത്ഥത്തിൽ കൊടുത്ത തുകയെ കവിയുന്നത്ര തുക കൊടുക്കണമെന്നും ;

(ii) പരാതിയുടെ സംഗതിയിൽ, നിയോജകൻ ഈ ആക്ററിന്റെ ഏതെങ്കിലും വ്യവസ്ഥയുടെ യാതൊരു ഉല്ലംഘനവും ഇല്ലെന്ന് ഉറപ്പുവരുത്താൻ പര്യാപ്തമായ നടപടികൾ എടുക്കണമെന്നും,

നിദേശിക്കാവുന്നതാണ്.

(5) (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഏതൊരു അധികാരസ്ഥാനത്തിനും തെളിവ് എടുക്കുന്നതിനും, സാക്ഷികളെ ഹാജരാക്കിക്കുന്നതിനും, രേഖകൾ ഹാജരാക്കാൻ നിർബന്ധിക്കുന്നതിനും വേണ്ടി സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൻ കീഴിൽ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ഏതൊരു അധികാരസ്ഥാനവും ക്രിമിനൽ നടപടി നിയമസംഹിത 1973 (1974-ലെ 2) 195-ാം വകുപ്പിന്റേയും 26-ാം അദ്ധ്യായത്തിന്റേയും എല്ലാ ആവശ്യങ്ങൾക്കും സിവിൽ കോടതിയായി കരുതപ്പെടുന്നതും ആകുന്നു.

(6) ഒരു പരാതിയിൻമേലോ അവകാശവാദത്തിൻമേലോ ഉള്ള (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ഒരു അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും ഉത്തരവിനാൽ സങ്കടക്കാരനായ ഏതെങ്കിലും നിയോജകന്നോ, തൊഴിലാളിക്കോ, ഉത്തരവിന്റെ തീയതിമുതൽ മുപ്പതു ദിവസത്തിനുള്ളിൽ, സമുചിതഗവൺമെൻറ് ഇതിലേക്ക് വിജ്ഞാപനംവഴി വിനിർദ്ദേശിക്കുന്ന, അധികാരസ്ഥാനത്തിനു അപ്പീൽ കൊടുക്കാവുന്നതും, ആ അധികാരസ്ഥാനത്തിന്, അപ്പീൽ കേട്ടതിനുശേഷം, ഏതു ഉത്തരവിനെതിരായാണോ അപ്പീൽ കൊടുത്തിട്ടുള്ളത് ആ ഉത്തരവ് സ്ഥിരപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ, മറിച്ച് വിധിക്കുകയോ ചെയ്യാവുന്നതും, അങ്ങനെയുള്ള അധികാരസ്ഥാനം പുറപ്പെടുവിക്കുന്ന ഉത്തരവിനെതിരായി തുടർന്ന് അപ്പീലുണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു.

(7) (6)-ാം ഉപവകുപ്പിൽ പരാമർശിച്ച അധികാരസ്ഥാനത്തിന്, (6)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച കാലാവധിക്കുള്ളിൽ അപ്പീൽ ബോധിപ്പിക്കുന്നതിൽനിന്ന് അപ്പീൽവാദി മതിയായ കാരണത്താൽ തടയപ്പെട്ടുവെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അപ്പീൽ മുപ്പതു ദിവസത്തെ കൂടുതൽ കാലാവധിക്കുള്ളിൽ, എന്നാൽ അതിനുശേഷമല്ലാതെ കൊടുക്കാൻ അനുവദിക്കാവുന്നതാകുന്നു.

(8) ഈ വകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ഒരു അധികാരസ്ഥാനത്തിന്റെ തീരുമാനത്തിൽനിന്ന് ഉദ്ഭവിക്കുന്ന, നിയോജകൻ കൊടുക്കാനുള്ള പണം വസൂലാക്കുന്നതിന് വ്യാവസായികതർക്കങ്ങൾ ആക്ററ്, 1947 (1947-ലെ 14) 33 ഗ വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്.

## അദ്ധ്യായം III

## പലവക

8. **രജിസ്ററുകൾ വച്ചുപോരാനുള്ള നിയോജകൻമാരുടെ കർത്തവ്യം.**—ഈ ആക്ററിന്റെ പ്രാരംഭത്തിലും പ്രരംഭം മുതൽക്കും ഏതൊരു നിയോജകനും, അയാൾ നിയോജിക്കുന്ന തൊഴിലാളികളെ സംബന്ധിച്ച്, നിർണ്ണയിക്കപ്പെടുന്ന രജിസ്ററുകളും മററു രേഖകളും വച്ച്പോരേണ്ടതാകുന്നു.

9. ഇൻസ്പെക്ടർമാർ.—(1) സമുചിത ഗവൺമെൻറിന്, നിയോജകൻമാർ ഈ ആക്ററിൻേറയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളുടേയോ വ്യവസ്ഥകഠം അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷണം നടത്തുന്നതിനുവേണ്ടി, യുക്തമെന്നു തോന്നുന്ന ആളുകളെ ഇൻസ്പെക്ററർമാരായി വിജ്ഞാപനംവഴി, നിയമിക്കാവുന്നതും, ഏതു തദ്ദേശാതിർത്തിക്കുളളിലാണ് ഒരു ഇൻസ്പെക്ററർക്കു അങ്ങനെയുളള അന്വേഷണം നടത്താവുന്നത് എന്ന് നിർവ്വചിക്കാവുന്നതും ആണ്.

(2) ഏതൊരു ഇൻസ്പെക്റററും ഇൻഡ്യൻ ശിക്ഷാനിയമസംഹിത, (1860-ലെ 45), 21-ാം വകുപ്പിൻെറ അർത്ഥത്തിൽ പബ്ലിക്ക് സർവൻറായി കരുതപ്പെടുന്നതാണ്.

(3) ഒരു ഇൻസ്പെക്ററർക്ക്, തൻെറ അധികാരിതയുടെ തദ്ദേശാതിർത്തികഠംക്കുളളിലുളള ഏതു സ്ഥലത്തും,—

(ക) ന്യായമായ ഏതു സമയത്തും യുക്തമെന്നു തോന്നുന്ന സഹായത്തോടുകൂടി ഏതെങ്കിലും കെട്ടിടത്തിലോ ഫാക്ടറിയിലോ, കെട്ടിടപരിസരങ്ങളിലോ ജലയാനത്തിലോ പ്രവേശിക്കുകയും ;

(ഖ) തൊഴിലാളികളുടെ നിയോജനം സംബന്ധിച്ച ഏതെങ്കിലും രജിസ്ററോ മസ്ററർറോളോ മററു രേഖകളോ ഹാജരാക്കാൻ ഏതു നിയോജകനോടും ആവശ്യപ്പെടുകയും അങ്ങനെയുളള രേഖകഠം പരിശോധിക്കുകയും ;

(ഗ) ഈ ആക്ററിലെ വ്യവസ്ഥകഠം അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ അല്ലെങ്കിൽ പ്രവർത്തിച്ചിട്ടുണ്ടോ എന്നു തിട്ടപ്പെടുത്തുന്നതിനുവേണ്ടി ഏതെങ്കിലും ആളുടെ തെളിവ്, സ്ഥലത്തുവച്ചോ അല്ലാതെയോ എടുക്കുകയും ;

(ഘ) നിയോജകനേയോ, അയാളുടെ ഏജൻറിനേയോ ഭൃത്യനേയോ സ്ഥാപനത്തിൻേറയോ, അതുമായി ബന്ധപ്പെട്ട ഏതെങ്കിലും കെട്ടിടപരിസരങ്ങളുടേയോ ചാർജ്ജുളളതായി കാണപ്പെടുന്ന മററ് ഏതെങ്കിലും ആളേയോ, അല്ലെങ്കിൽ ഇൻസ്പെക്ററർക്ക് ആ സ്ഥാപനത്തിലെ തൊഴിലാളിയോ തൊഴിലാളിയായിരുന്നിട്ടുളളവനോ ആണെന്നു വിശ്വസിക്കുവാൻ ന്യായമായ കാരണമുളള ഏതെങ്കിലും ആളേയോ വിസ്തരിക്കുകയും ;

(ങ) ഈ ആക്ററിൻകീഴിൽ ആ സ്ഥാപനം സംബന്ധിച്ച് വച്ചുപോരുന്ന ഏതെങ്കിലും രജിസ്റററിൽനിന്നോ മററു രേഖയിൽനിന്നോ പകർപ്പുകഠം ഉണ്ടാക്കുകയോ എക്സ്ട്രാക്ററുകഠം എടുക്കുകയോ ചെയ്യുകയും,

ചെയ്യാവുന്നതാണ്.

(4) ഏതത് ആളോടാണോ, ഇൻസ്പെക്ററർ, എതെങ്കിലുംരജിസ്ററോ, മററു രേഖയോ ഹാജരാക്കാനോ, ഏതെങ്കിലും വിവരം നൽകാനോ ആവശ്യപ്പെടുന്നത് അങ്ങനെയുളള ഏതെങ്കിലും ആഠം, അങ്ങനെ ആവശ്യപ്പെടുന്നതു അനുസരിച്ച് പ്രവർത്തിക്കേണ്ടതാകുന്നു.

10. ദണ്ഡനങ്ങഠം.—(1) ഈ ആക്ററിൻെറ പ്രാരംഭത്തിനുശേഷം ഏതെങ്കിലും നിയോജകൻ ഈ ആക്റേറാ, ആക്ററിൻകീഴിലോ,—

(ക) അയാളാൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളെ സംബന്ധിച്ച്, ഏതെങ്കിലും രജിസ്ററോ, മററു രേഖയോ വച്ചുപോരാൻ ആവശ്യപ്പെട്ടിരിക്കെ അപ്രകാരം ചെയ്യാൻ വിട്ടുപോവുകയോ ചെയ്യാതിരിക്കുകയോ, അല്ലെങ്കിൽ

(ഖ) തൊഴിലാളികളുടെ നിയോജനം സംബന്ധിച്ച ഏതെങ്കിലും രജിസ്ററോ, മസ്ററർറോളോ മററു രേഖയോ ഹാജരാക്കാൻ ആവശ്യപ്പെട്ടിരിക്കെ, അപ്രകാരം ചെയ്യാൻ വിട്ടുപോവുകയോ ചെയ്യാതിരിക്കുകയോ അല്ലെങ്കിൽ

(ഗ) ഏതെങ്കിലും തെളിവ് നൽകാൻ ആവശ്യപ്പെട്ടിരിക്കേ, അപ്രകാരം ചെയ്യാൻ വിട്ടുപോവുകയോ, വിസമ്മതിക്കുകയോ, അല്ലെങ്കിൽ തന്റെ ഏജൻറിനേയോ ഭൃത്യനേയോ, സ്ഥാപനത്തിന്റെ ചാർജ്ജുള്ള മററ് ഏതെങ്കിലും ആളേയോ, അല്ലെങ്കിൽ ഏതെങ്കിലും തൊഴിലാളിയേയോ, തെളിവ് നൽകുന്നതിൽനിന്ന് തടയുകയോ, അല്ലെങ്കിൽ

(ഘ) ഏതെങ്കിലും വിവരം നൽകാൻ ആവശ്യപ്പെട്ടിരിക്കെ അപ്രകാരം ചെയ്യാൻ വിട്ടുപോവുകയോ, വിസമ്മതിക്കുകയോ,

ചെയ്യുന്നുവെങ്കിൽ, അയാറം ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം ഏതെങ്കിലും നിയോജകൻ,—

(ക) ഈ ആക്ററിന്റെ വ്യവസ്ഥകറംഉല്ലംഘിച്ചുകൊണ്ട്, ഏതെങ്കിലും ആളെ ചേർക്കൽ നടത്തുകയോ, അല്ലെങ്കിൽ

(ഖ) ഒരേ പ്രവർത്തിക്കോ, സദൃശപ്രകൃതത്തിലുള്ള പ്രവൃത്തിക്കോ പുരുഷത്തൊഴിലാളികറക്കും സ്ത്രീത്തൊഴിലാളികറക്കും തുല്യമല്ലാത്ത നിരക്കുകളിൽ ഏതെങ്കിലും വേതനം കൊടുക്കുകയോ, അല്ലെങ്കിൽ

(ഗ) ഈ ആക്ററിന്റെ വ്യവസ്ഥകറം ഉല്ലംഘിച്ചുകൊണ്ട്, പുരുഷത്തൊഴിലാളികളും, സ്ത്രീത്തൊഴിലാളികളും തമ്മിൽ ഏതെങ്കിലും വിവേചനം കാണിക്കുകയോ, അല്ലെങ്കിൽ

(ഘ) 6-ാം വകുപ്പ്, (5)-ാം ഉപവകുപ്പിൻകീഴിൽ, സമുചിത ഗവൺമെൻറ് നൽകുന്ന ഏതെങ്കിലും നിദേശം നടപ്പിലാക്കാൻ വിട്ടുപോവുകയോ, നടപ്പാക്കാതിരിക്കുകയോ,

ചെയ്യുന്നുവെങ്കിൽ, അയാറം അയ്യായിരം രൂപയോളമാകാവുന്ന പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) ഇൻസ്പെക്ടർക്ക്, ഏതെങ്കിലും രജിസ്ററോ മററുരേഖയോ ഹാജരാക്കിക്കൊടുക്കാനോ ഏതെങ്കിലും വിവരം നൽകാനോ ആവശ്യപ്പെട്ടിരിക്കെ ഏതെങ്കിലും ആറം അപ്രകാരം ചെയ്യാൻ വിട്ടുപോവുകയോ വിസമ്മതിക്കുകയോ ചെയ്യുന്നുവെങ്കിൽ അയാറം അഞ്ഞൂറു രൂപയോളമാകാവുന്ന, പിഴശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

11. <u>കമ്പനികളാലുള്ള കുററങ്ങറം</u>.—(1) ഈ ആക്ററിൻ കീഴിലെ ഒരു കുററം, ഒരു കമ്പനിചെയ്തിട്ടുള്ളിടത്ത്, കമ്പനിക്കു പുറമേ കുററം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ്സിന്റെ നടത്തിപ്പിനുവേണ്ടി, കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതും കമ്പനിയോടു ഉത്തരവാദിയായിരുന്നതും ആയ ഏതൊരാളും, ആ കുററത്തിന് അപരാധിയാണെന്നു കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരാകുന്നതും ആണ്:

എന്നാൽ, ഈ ഉപവകുപ്പിൽ നടത്തിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ കുററം ചെയ്യപ്പെട്ടത് തന്റെ അറിവുകൂടാതെയാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യപ്പെടുന്നതു തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ, അയാറം തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻ കീഴിലെ ഏതെങ്കിലും ഒരു കുററം, ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുററം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടേയോ മാനേജരു

ടേയോ സെക്രട്ടറിയുടേയോ മററു ഉദ്യോഗസ്ഥന്റേയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കൽപിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ററോ മാനേജരോ സെക്രട്ടറിയോ മററു ഉദ്യോഗസ്ഥനോ, ആ കുററത്തിന് അപരാധിയായി കരുതപ്പെടുന്നതും അതനുസരിച്ച് നടപടി എടുക്കപ്പെടുകയും, ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതും ആകുന്നു.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കു,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോവ്യക്തികളുടെ മററു സംഘടനയോ ഉൾപ്പെടുന്നതും,

(ഖ) "ഡയറക്ടർ" എന്നാൽ, ഒരു ഫേം സംബന്ധിച്ച് അതിലെ പങ്കാളി എന്നർത്ഥമാകുന്നതും,

ആകുന്നു.

12 കുററങ്ങൾ നടപടിക്കെടുക്കലും അവയുടെ വിചാരണയും.—(1) ഒരു മഹാനഗര മജിസ്ട്രേറ്റിന്റെയോ, ഒരു ജൂഡീഷ്യൽഒന്നാംക്ലാസ്സ് മജിസ്ട്രേററിന്റേയോ കോടതിയിൽ താഴെയുള്ള യാതൊരു കോടതിയും ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം, വിചാരണ ചെയ്യാൻ പാടുള്ളതല്ല.

(2) യാതൊരു കോടതിയും, ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം, സമുചിതഗവൺമെൻറിന്റേയോ, അത് ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥന്റെയോ അനുമതിയോടുകൂടി കൊടുക്കുന്ന ഒരു പരാതിയിൻമേലൊഴികെ നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(3) യാതൊരു കോടതിയും ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം, അതിനെക്കുറിച്ചുള്ള പരാതി ഈ വകുപ്പിൻകീഴിൽ അനുമതി നൽകുന്ന തീയതിമുതൽ മൂന്നുമാസത്തിനുള്ളിൽ കൊടുക്കാത്തപക്ഷം നടപടിക്കെടുക്കാൻ പാടുള്ളതല്ല.

13. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്രഗവൺമെൻറിന്, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടി വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ പ്രാധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതേയും അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെ പറയുന്ന എല്ലാവിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ് അതായത്:—

(ക) 7-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ പരാമർശിച്ച പരാതിയോ, അവകാശവാദമോ കൊടുക്കേണ്ട വിധം;

(ഖ) ഒരു നിയോജകനോട്, അയാൾ നിയോജിക്കുന്ന തൊഴിലാളികളെ സംബന്ധിച്ച്, വച്ചുപോരാൻ 8-ാം വകുപ്പിൻകീഴിൽആവശ്യപ്പെടുന്ന രജിസ്ററുകളും മററു രേഖകളും;

(ഗ) നിർണ്ണയിക്കപ്പെടാൻ ആവശ്യപ്പെടുന്നതോ, നിർണ്ണയിക്കപ്പെടുന്നതോ ആയ മറേറതെങ്കിലും വിഷയം.

(3) ഈ ആക്ററിൻകീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ, പാർലമെൻറ്,

സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുൻപ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അത്, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻ കീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റേയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

14. നിദേശങ്ങൾ നൽകാനുള്ള കേന്ദ്രഗവൺമെന്റിന്റെ അധികാരം.—കേന്ദ്രഗവൺമെന്റിന്, ഒരു സ്റ്റേറ്റിൽ ഈ ആക്റ്റ് നടപ്പിലാക്കുന്നതു സംബന്ധിച്ച്, സ്റ്റേറ്റ് ഗവൺമെന്റിന് നിദേശങ്ങൾ നൽകാവുന്നതാണ്.

15. ചില പ്രത്യേക സംഗതികളിൽ ആക്റ്റ് ബാധകമാവുകയില്ലെന്ന്.—

(ക) സ്ത്രീകളുടെ നിയോജനം ക്രമപ്പെടുത്തുന്നനിയമം അനുസരിച്ച് പ്രവർത്തിക്കുന്നത് ഏതെങ്കിലും കാര്യത്തിൽ സ്ത്രീയുടെ നിയോജനത്തിന്റെ നിബന്ധനകളെയും വ്യവസ്ഥകളേയും ബാധിക്കുകയോ, അല്ലെങ്കിൽ

(ഖ) ഒരു കുട്ടിയുടെ ജനനമോ പ്രതീക്ഷിത ജനനമോ സംബന്ധിച്ച് സ്ത്രീകൾക്ക് ഏതെങ്കിലും പ്രത്യേക പരിഗണന നൽകുകയോ,

ചെയ്യുന്നിടത്തോളം, സ്ത്രീകൾക്കും പുരുഷൻമാർക്കും ഉള്ള ഈ ആക്റ്റിൽ പറയുന്ന പ്രകാരമുള്ള തുല്യഗണനയുടെ ആവശ്യകത ബാധകമാകുന്നതല്ലാത്തതും, (എന്നാൽ അതു മററു വിഷയങ്ങൾ സംബന്ധിച്ചുള്ള അതിന്റെ പ്രവർത്തനത്തിന്, ഭംഗംവരാത്ത വിധമായിരിക്കും) ആ ആവശ്യകത, സേവനവിരാമത്തെക്കുറിച്ചോ വിവാഹത്തെക്കുറിച്ചോ മരണത്തെക്കുറിച്ചോ ഉള്ള നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച് തുല്യഗണന ആവശ്യപ്പെടുന്നതിലേക്കോ അല്ലെങ്കിൽ, സേവനവിരാമമോ വിവാഹമോ മരണമോ സംബന്ധിച്ച് ഉണ്ടാക്കുന്ന ഏതെങ്കിലും വ്യവസ്ഥയിലേക്കോ വ്യാപിക്കുന്നതല്ലാത്തതും ആകുന്നു.

16. പ്രഖ്യാപനം ചെയ്യാനുള്ള അധികാരം.—ഏതെങ്കിലും സ്ഥാപനത്തിലേയോ നിയോജനത്തിലേയോ പുരുഷത്തൊഴിലാളികളുടേയും സ്ത്രീത്തൊഴിലാളികളുടേയും വേതനമോ വേതനത്തിന്റെ ഒരു പ്രത്യേക ഇനമോ സംബന്ധിച്ചുള്ള വ്യത്യാസങ്ങൾ, ലിംഗം അല്ലാത്ത ഒരു ഘടകത്തെ അടിസ്ഥാനമാക്കിയതാണെന്ന് സംഗതിയുടെ എല്ലാ പരിത:സ്ഥിതികളും പരിഗണിക്കുന്നതിൽമേൽ ബോദ്ധ്യപ്പെടുന്നിടത്ത്, സമുചിത ഗവൺമെന്റിന് വിജ്ഞാപനം വഴി, ആ അർത്ഥത്തിലുള്ള ഒരു പ്രഖ്യാപനം ചെയ്യാവുന്നതും, അങ്ങനെയുള്ള ഒരു വ്യത്യാസം മൂലമാണെന്നു കൽപ്പിക്കപ്പെടാവുന്ന നിയോജകന്റെ ഏതെങ്കിലും കൃത്യം ഈ ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥയുടെ ഉല്ലംഘനമായി കരുതപ്പെടുന്നതല്ലാത്തതും ആകുന്നു.

17. വിഷമതകൾ നീക്കാനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ, ഏതെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ, കേന്ദ്രഗവൺമെന്റിന് വിജ്ഞാപനംവഴി, ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്തതും വിഷമത നീക്കാൻ ആവശ്യകമാണെന്നു തോന്നുന്നതുമായ ഏതു ഉത്തരവും പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഏതൊരു ഉത്തരവും, അതു പുറപ്പെടുവിച്ചതിനു ശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെൻറിൻെറ ഓരോ സഭയുടേയും മുമ്പാകെ വയ്ക്കേണ്ടതാണ്.

18. റദ്ദാക്കലും ഒഴിവാക്കലും.—(1) തുല്യവേതന ആർഡിനൻസ്, 1975 (1975-ലെ 12) ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയെന്നിരുന്നാലും അപ്രകാരം റദ്ദാക്കപ്പെട്ട ആർഡിനൻസിൻ കീഴിൽ (അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും വിജ്ഞാപനമോ, നാമനിർദ്ദേശമോ, നിയമനമോ, ഉത്തരവോ നിദേശമോ ഉൾപ്പെടെ) ചെയ്തിട്ടുള്ള എന്തെങ്കിലുമോ, എടുത്തിട്ടുള്ള ഏതെങ്കിലും നടപടിയോ, അങ്ങനെയുള്ളതു ചെയ്യുകയോ നടപടി എടുക്കുകയോ ചെയ്തപ്പോൾ, ഈ ആക്റ്റ് പ്രാബല്യത്തിലുണ്ടായിരുന്നാലെന്നപോലെ, ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾക്കുകീഴിൽ ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതപ്പെടുന്നതാണ്.

———